# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 116 28.11.2018-ൽ മറുപടിക്ക്**

## പമ്പയിലും, നിലയ്ക്കലും ഉണ്ടായ സംഘർഷം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അടൂർ പ്രകാശ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തുലാമാസ പൂജക്കായി നട തുറന്ന വേളയിൽ ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് പമ്പയിലും, നിലയ്ക്കലും ഉണ്ടായ സംഘർഷങ്ങളിൽ വാഹനങ്ങൾ തകർത്തതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) 222 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (ബി) എത്രലക്ഷം രൂപയുടെ നാശനഷ്ടം ഈ അക്രമസംഭവങ്ങളിൽ ഉണ്ടായെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) 31,62,500/- (മുപ്പത്തിഒന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അഞ്ഞൂറ്) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (സി) പല സംഘട്ടനങ്ങളിൽ പല സ്ഥലത്തായി വാഹനങ്ങൾ തകർത്തത് ഒരു സംഭവമെന്ന നിലയിലാണോ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എങ്കിൽ അതിനുള്ള കാരണം എന്താണ്; | (സി) പല കേസ്സുകളിലായാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

(ഡി) നിലയ്ക്കലിലും പമ്പയിലും പോലീസുകാർ വാഹനം തല്ലിത്തകർത്തതായി കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഇ) പോലീസുകാർ നടത്തിയ അക്രമസംഭവങ്ങളെ സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

(ഡി) യും (ഇ) യും

നിലയ്ക്കലിലും പമ്പയിലും പോലീസുകാർ വാഹനം തല്ലി തകർത്തതായി പറയുന്ന ആരോപണത്തിന്മേൽ അന്വേഷണത്തിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ഇതു സംബന്ധിച്ച് അന്വേഷണം നടന്നു വരികയാണ്. അന്വേഷണ റിപ്പോർട്ട് കിട്ടിയാലുടൻ കുറ്റക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ